ഭരണഭാഷ മാതൃഭാഷ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കന്ററി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ- jd1hse.dge@kerala.gov.in
ഫോൺ: 0471-2580738

എച്ച് എസ് ഇ/13661/2024-എ സി ഡി എസ് പി എൽ1 തീയതി:01-08-2024

## സർക്കുലർ

വിഷയം: പൊ വി വ-ഹ സെ വി-സ്കൂളുകളിലെ ഹയർ സെക്കന്ററി വിഭാഗത്തിൽ ഊർജസംരക്ഷണ അവബോധനത്തിനായി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്-സംബന്ധിച്ച്

സൂചന: ഇ എം സി/115/2024-ഇ ടി ബി-5 തീയതി01/07/2024

കേരളസർക്കാരിന്റെയും കേന്ദ്ര ഊർജ്ജമന്ത്രാലയത്തിന്റെയും സഹകരണത്തോടെ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) എൽ.പി. മുതൽ ഹൈസ്ക്കൂൾ വരെയുള്ള സ്കൂളുകളിൽ ഊർജസംരക്ഷണ അവബോധനത്തിനായി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഈ പ്രവർത്തനങ്ങൾ ഹയർസെക്കന്ററി തലത്തിലേക്കും കൂടി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സൂചനപ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കുട്ടികളിൽ ഊർജസംരക്ഷണം ദിനചര്യയുടെ ഭാഗമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഉപന്യാസരചന, പോസ്റ്റർരചന, പെൻസിൽ ചിത്രരചന എന്നീ

മത്സരങ്ങളും ബോധവൽകരണ ക്ലാസ്സുകളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതാണ്.

ഹയർസെക്കന്ററി തലത്തിൽ ശാസ്ത്രക്ലബിന്റെ ചുമതലയുള്ള അധ്യാപകരെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണ്. സയൻസ് വിഷയ കോമ്പിനേഷൻ ഇല്ലാത്ത സ്കൂളുകളിൽ മറ്റ് വിഷയങ്ങളിലെ അധ്യാപകർക്ക് ഉചിതമായ രീതിയിൽ പ്രിൻസിപ്പൽമാർ ചുമതലകൾ നൽകേണ്ടതാണ്.

എല്ലാ ഹയർസെക്കന്ററിസ്ക്കൂളുകളും **https://emcpms.kerala.gov.in/**എന്ന വെബ്പോർട്ടൽ മുഖാന്തരം പ്രസ്തുത പരിപാടിയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. പ്രോസ്പെക്ടസ് വെബ്സൈറ്റിലൂടെ ലഭ്യമാകുന്നതാണ്. സംസ്ഥാനത്തെ എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും അധ്യയനത്തിനു തടസ്സം വരാത്ത രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. സ്കൂൾതല പ്രവർത്തനങ്ങൾക്ക് ശേഷം ജില്ലാ-സംസ്ഥാന തല പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അർഹത നേടുന്നവർ എനർജി മാനേജ്മെന്റ് സെന്ററിൽ നിന്ന് ലഭിക്കുന്ന നിർദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

Signed by
Ramakrishnapilla Suresh Kumar
Date: 01-08-2024 17:26:24

ജോയിന്റ് ഡയറക്ടർ (അക്കാദമിക്)

പകർപ്പ്

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ

ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ